**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41** **11-06-2024 - ൽ മറുപടിയ്ക്ക്**

**ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്, <br> ശ്രീ. ഐ. സി. ബാലകൃഷ്ണൻ , <br> ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ <br> (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ നിന്നുള്ള മദ്യവില്പനയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട വില്പന നികുതി അഥവാ ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ നിന്നുള്ള മദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട വിറ്റുവരവ് നികുതി (ടേൺ ഓവർ ടാക്സ്) പിരിവ് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കാര്യക്ഷമമായി തന്നെ നടത്തിവരുന്നുണ്ട്. കൃത്യമായി റിട്ടേണുകൾ സമർപ്പിക്കാത്ത ബാർ ഹോട്ടലുകൾക്കെതിരെ കേരള പൊതു വിൽപ്പന നികുതി നിയമം, 1963 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | 2016 മുതൽ ബാർ ഹോട്ടലുകൾ നൽകുന്ന പ്രതിമാസ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന വിൽപ്പന വിവരം ഇന്റലിജൻസ് വർഷം തോറും പരിശോധിക്കുന്ന നടപടി നിലച്ചു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2016 മുതൽ ബാർ ഹോട്ടലുകൾ നൽകുന്ന പ്രതിമാസ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന വില്പന വിവരം സംബന്ധിച്ച് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം വിശദമായ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ മദ്യവില്പനയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | മദ്യവില്പനയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട ടേൺ ഓവർ ടാക്സ് പിരിച്ചെടുക്കാൻ നിയമപ്രകാരമുള്ള നടപടികൾ കാര്യക്ഷമമായി സ്വീകരിച്ച് വരുന്നുണ്ട്. ഇതിനായി റിട്ടേൺ ഫയൽ ചെയ്യാതെ വിറ്റുവരവ് നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ KGST നിയമമനുസരിച്ചുള്ള പെനാൽറ്റി ചുമത്തിയിട്ടുണ്ട്. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ 16 ബാർ ഹോട്ടലുകളുടെ KGST നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തിട്ടുണ്ട്. കൂടാതെ, വീഴ്ച വരുത്തിയ മറ്റുള്ളവരുടെയും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. <br><br> റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ അസ്സെസ്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നതോടൊപ്പം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം |

| | | | |
|---|---|---|---|
| | | | വിശദമായ പരിശോധന നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ